പത്രക്കുറിപ്പ്
2-8-2017

## ലൈഫ് പദ്ധതിയുടെ ഏകദിന ശിൽപശാലയിൽ മൂവായിരം പേർക്ക് സദ്യ വിളമ്പി കുടുംബശ്രീ വനിതകൾ

തിരുവനന്തപുരം: സർക്കാരിന്റെ വമ്പൻ പരിപാടികൾക്കു രുചികരമായ ഭക്ഷണമൊരുക്കി ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകൾ കാറ്ററിങ്ങ് മേഖലയിൽ മുന്നേറുന്നു. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷൻമാർക്കായി സംഘടിപ്പിച്ച ഏകദിന ശിൽപശാലയിലാണ് മൂവായിരത്തോളം പേർക്ക് സ്വാദിഷ്ഠമായ ഭക്ഷണം വിളമ്പി കുടുംബശ്രീ വനിതകൾ കൈപ്പുണ്യത്തിന്റെ മികവ് ഒരിക്കൽ കൂടി വ്യക്തമാക്കിയത്. പരിപാടിയിൽ പങ്കെടുത്ത ഉന്നതതല ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ ഭക്ഷണം കഴിച്ച് സംതൃപ്തിയോടെ മടങ്ങിയപ്പോൾ കുടുംബശ്രീയുടെ രുചിക്കൂട്ടുകൾ ഒരിക്കൽ കൂടി ഹിറ്റായി.

ജില്ലയിലെ ശ്രുതി, കീർത്തി കാന്റീൻ കാറ്ററിംഗ് സർവീസ് യൂണിറ്റുകളിലെ വനിതകൾക്കായിരുന്നു ഭക്ഷണം തയ്യാറാക്കുന്നതിനുള്ള ചുമതല. യൂണിറ്റുകൾക്കു നേതൃത്വം നൽകുന്ന ഗിരിജ ബീന എന്നിവരെ കൂടാതെ ഇവർക്കൊപ്പമുള്ള മറ്റ് അംഗങ്ങൾ കൂടി ചേർന്നാണ് പരിപാടിക്കുള്ള മുഴുവൻ ഭക്ഷണവുമൊരുക്കിയത്. ജില്ലാമിഷൻ അധികൃതരുടെ നേതൃത്വത്തിലായിരുന്നു ഭക്ഷണവിതരണം. തിരക്ക് ഒഴിവാക്കുന്നതിനായി ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയിലെ പരിശീലനാർത്ഥികളായ 65 പേരും കുടുംബശ്രീ പരിശീലന ഗ്രൂപ്പിൽ നിന്നും തിരഞ്ഞെടുത്ത 10 പേരും ഉൾപ്പെടെയുള്ളവരെ14 കൗണ്ടറുകളിലായി വിന്യസിച്ചുകൊണ്ടായിരുന്നു ഭക്ഷണവിതരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയത്. ചോറ്, അവിയൽ, സാമ്പാർ, തോരൻ, മാങ്ങാ അച്ചാർ, പച്ചടി, പുളിശേരി, എന്നിവയുൾപ്പെടെ വിഭവസമൃദ്ധമായ ഊണിനൊപ്പം രാവിലെയും വൈകുന്നേരവും ചായ, പഴം പുഴുങ്ങിയത് ഇലയപ്പം കിണ്ണത്തപ്പം എന്നിവയുമാണ് നൽകിയത്. ഊണിന് മീൻകറിയും തയ്യാറാക്കിയിരുന്നു. ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകൾ തയ്യാറാക്കിയ ഗ്രീൻ ബൈറ്റ്സും വിതരണം ചെയ്തു.

ഭക്ഷണം തയ്യാറാക്കുന്നതു മുതൽ വിതരണം വരെയുള്ള എല്ലാഘട്ടത്തിലും സംസ്ഥാന-ജില്ലാമിഷൻ ഉദ്യോഗസ്ഥരുടെ മേൽനോട്ടമുണ്ടായതും ഭക്ഷണവിതരണം ഫലപ്രദമായി നടപ്പാക്കാൻ സഹായിച്ചു. സമ്പൂർണ ശുചിത്വം ഉറപ്പാക്കാൻ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടായിരുന്നു മുഴുവൻ പ്രവർത്തനങ്ങളും. പരാതികൾ ഉയരാത്ത വിധം ഭക്ഷണവിതരണ സംവിധാനമൊരുക്കിയതു വഴി തിക്കും തിരക്കും ഒഴിവാക്കാനായതും ഏറെ ശ്രദ്ധേയമായി.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ